# 'സ്രഷ്ടാവിനെ ഓർക്കുക'

## സഭാപ്രസംഗി 12:1

''നിന്റെ യൗവനകാലത്തു നിന്റെ സ്രഷ്ടാവിനെ ഓർത്തുകൊൾക.''

സഭാപ്രസംഗി 11–ാം അദ്ധ്യായത്തിന്റെ അവസാനഭാഗം നാം ഒന്നു വായിക്കുകയാണെങ്കിൽ അവിടെ ശലോമോൻ മനുഷ്യജന്മത്തിന്നു കൊടുക്കുന്ന ഒരു വലിയ ഉപദേശം കാണാം. തന്റെ യൗവനകാലത്തെ ചൊല്ലി ഏറ്റവും അധികം സന്തോഷിക്കുകയും തന്റെ തന്നെ വഴികളിൽ നടന്നുകൊള്ളാനുമായിട്ട് പറഞ്ഞ് ലോകപരമായി മനുഷ്യനെ സന്തോഷത്തിലേക്ക് നയിച്ചിട്ട് "ഇവ ഒക്കെയും നിമിത്തം ദൈവം നിന്നെ ന്യായ വിസ്താരത്തിലേക്കു വരുത്തും എന്നറിക" എന്നുള്ള ഒരു മുന്നറിയിപ്പും "ആകയാൽ നിന്റെ ഹൃദയത്തിൽ നിന്നു വ്യസനം അകറ്റി, നിന്റെ ദേഹത്തിൽനിന്നു തിന്മ നീക്കിക്കളക" എന്നുള്ള ഒരു ഉപദേശവും കൊടുക്കുന്നുണ്ട്, കാരണം "ബാല്യവും യൗവനവും മായ അത്രേ" എന്നു ശലോമോൻ അവിടെ നമ്മെ ഓർമ്മിപ്പിക്കുന്നു.

അദ്ധ്യായം 11ൽ അങ്ങിനെ പറഞ്ഞ് അവസാനിപ്പിച്ചിട്ട് 12ലേക്ക് വന്നപ്പോൾ അവിടെ ഒരു വലിയ ഉപദേശമെന്നതിലുപരി മനുഷ്യജന്മത്തിലനുഷ്ടിക്കേണ്ടുന്ന ഒരു വലിയ നിയമം തന്നെ പറഞ്ഞുവെക്കുകയാണ്. യൗവനകാലത്തു നിന്റെ സ്രഷ്ടാവിനെ ഓർത്തുകൊൾക. 'ചൊട്ടയിലെ ശീലം ചുടല വരെ' എന്നൊരു പഴംചൊല്ലുള്ളതുപോലെ നമുക്കറിയാം നമ്മുടെയൊക്കെ ബാല്യകാലത്തു നാം എന്തു കണ്ട്/കേട്ട് അറിയുന്നുവോ അല്ലെങ്കിൽ നാം മറ്റുള്ളവരിൽ നിന്നും എന്തു പഠിക്കുന്നുവോ അത് നമ്മുടെ ജീവിതത്തെ സ്വാധീനിക്കുവാനും അതു വഴി നാം നമ്മുടെ ജീവിതത്തിൽ അതു പ്രാവർത്തികമാക്കാനും ഇടവരും. കാരണം ബാല്യം അല്ലെങ്കിൽ യൗവനം എന്നു പറയുന്നത് ഒരാളെ സംബന്ധിച്ചിടത്തോളം ബാഹ്യമായ എന്തിനോടും വളരെ എളുപ്പം ആകർഷണമുണ്ടാകാനും ജീവിതത്തിലേക്ക് അത് വളരെ എളുപ്പം സ്വീകരിക്കാനും ഇടയാകുന്ന ഒരു കാലഘട്ടമാണ്.

ഒരു ക്രിസ്തീയ പൈതലിനെ സംബന്ധിച്ചിടത്തോളം ഈ സന്ദർഭത്തിൽ അവർ ദൈവത്തിലേക്കും അവന്റെ വചനത്തിലേക്കും നയിക്കപ്പെടുകയാണ് വേണ്ടത്. അവരെ ദൈവത്തോട് അടുപ്പിക്കുകവഴി അവനെ അറിയാനും അവരുടെ ജീവിതത്തിൽ ക്രിസ്തുവിനെ തങ്ങളുടെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കാനും അതുമൂലം അവർ മുതിർന്നവരാകുമ്പോൾ ആ വിശ്വാസത്തിൽ നിലയുറപ്പിക്കാനും സാധ്യമാകും. കൂടാതെ കർത്താവിന്റെ സാക്ഷിയായി നിന്നുകൊണ്ട് അവന്റെ സുവിശേഷീകരണത്തിന്

അവരെ സജ്ജമാക്കാനും സാധിക്കും. ഇത് നമ്മുടെ കുടുംബങ്ങളിൽ നിന്നു വേണം ആരംഭിക്കുവാൻ. മാതാപിതാക്കൾ വിശ്വാസത്തിൽ ഉറച്ച് നിന്നെങ്കിൽ മാത്രമേ ആ വിശ്വാസം തങ്ങളുടെ തലമുറകൾക്ക് കൈമാറാൻ സാധ്യമാകൂ. കൂടാതെ അവരുടെ ജീവിതം ഒരു വിശ്വാസിക്കനുയോജ്യമായതാണെങ്കിൽ അത് തങ്ങളുടെ തലമുറകൾക്ക് മാതൃകയാക്കാൻ സാധിക്കും.

ഇന്നു നമ്മുടെ ചുറ്റുപാടും നോക്കിയാൽ തലമുറക്കുവേണ്ടി അലമുറയിടുന്നവരെ കൊണ്ട് നിറഞ്ഞിരിക്കുകയാണ്. അതു രണ്ട് തരത്തിലാണ്. ഒന്ന്, ഒരു പുതു തലമുറക്കു വേണ്ടി ആഗ്രഹിക്കുന്നവരും, മറ്റേത് തലമുറയെ ലഭിച്ചിട്ടും അവരെ കൊണ്ട് പൊറുതിമുട്ടി വിഷമിക്കുന്നവരും. ഒരു കുടുംബം ഉടലെടുക്കുമ്പോൾ അതിന്റെ പൂർത്തീകരണം നടക്കുന്നത് തലമുറയെ കൊണ്ട് അനുഗ്രഹിക്കപ്പെടുമ്പോളാണ്. എന്നാൽ ആ തലമുറയെ ദൈവത്തിന്റെ വഴിയെ വളർത്തിക്കൊണ്ട് വരികയെന്നുള്ളത് മാതാപിതാക്കളുടെ കടമയാണ്. അവരായിരിക്കുന്ന ഈ ലോകത്തിലും സമൂഹത്തിലും പലതും കണ്ട്/കേട്ട് ജീവിക്കുമ്പോൾ അവരെ നേർ വഴി നയിക്കുക വളരെ പ്രയാസമേറിയ ഒരു കാര്യമാണ്. എന്നാൽ ഇവിടെ വചനത്തിൽ നമ്മെ ഓർമ്മിപ്പിച്ചതുപോലെ 'അവരുടെ യൗവനകാലത്ത് അവർക്ക് അവരുടെ സൃഷ്ടാവിനെക്കുറിച്ചുള്ള ബോധ്യം' നമുക്കുണ്ടാക്കാൻ കഴിഞ്ഞാൽ അത് അവരുടെ ജീവിതത്തിൽ ദൈവത്തെ അറിഞ്ഞ് അവന്റെ വചനത്തിൻ പ്രകാരം അവന്റെ വഴികളറിഞ്ഞ് ജീവിതം മുന്നോട്ട് നയിക്കുവാൻ ഉതകും. അങ്ങിനെയാവുമ്പോൾ തലമുറയെ ചൊല്ലി അലമുറയിടേണ്ട സ്ഥാനത്ത് ദൈവം നമ്മെ സമാധാനത്തോടെ നടത്തും.

യൗവനകാലത്ത് തങ്ങളുടെ സൃഷ്ടാവിനെ അറിയുവാൻ തക്കവണ്ണം നമുക്ക് ലഭിച്ചിരിക്കുന്നതും നാം അറിയുന്നതുമായ എല്ലാ ദൈവ പൈതങ്ങളെയും ക്രിസ്തുവിലേക്ക് നയിക്കുവാൻ തക്കവണ്ണമുള്ള ദൈവത്തിന്റെ ആത്മാവിന്റെ അമിതബലം ധരിപ്പാൻ നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :
ലൂക്കോസ് 15:7

"മാനസാന്തരം കൊണ്ടു ആവശ്യമില്ലാത്ത തൊണ്ണൂറ്റൊമ്പതു നീതിമാന്മാരെക്കുറിച്ചുള്ള തിനേക്കാൾ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷം ഉണ്ടാകും."

ബ്രദർ ബിനു ബേബി ആലപ്പുഴ 022